# ഇടയലേഖനം

ദൈവകൃപയാൽ
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

## കർദ്ദിനാൾ ജോർജ് ആലഞ്ചേരി

തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ
ബഹുമാനപ്പെട്ട വികാരിമാർക്കും അസിസ്തേന്തിമാർക്കും
മറ്റുവൈദികർക്കും സന്ന്യാസിനീസന്ന്യാസിമാർക്കും
ജനങ്ങൾക്കും
നമ്മുടെ കർത്താവീശോമിശിഹായിൽ
ആശിസ്സും സമാധാനവും

**ഭാഗം - 1**

മിശിഹായിൽ പ്രിയ സഹോദരരേ, വത്സലമക്കളേ,

ഈ വർഷം ഡിസംബർ 8-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ മുതൽ 2016 നവംബർ 20-ന് ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ വരെ കാരുണ്യത്തിന്റെ വിശുദ്ധവർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ കാരുണ്യത്തെയും അതിലധിഷ്ഠിതമായ ക്രൈസ്തവ ജീവിതശൈലിയെയും കുറിച്ച് ഏതാനും ചിന്തകൾ നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ദൈവം സ്നേഹമാകുന്നു. സ്നേഹത്തിന്റെ ഏറ്റവും ഉന്നത ഭാവമാണു കാരുണ്യം. അതിനാൽ ദൈവം കാരുണ്യമാണ്. ദൈവത്തിന്റെ കാരുണ്യമാണ് മനുഷ്യനെ സൃഷ്ടിച്ച് പരിപാലിച്ച് തന്നിലേയ്ക്കു അവനെ ആകർഷിച്ചുകൊണ്ടിരിക്കുന്നത്. ഈ കാരുണ്യത്തിൽത്തന്നെ വർത്തിക്കുമ്പോഴാണ് മനുഷ്യന്റെ മാനുഷികത ശരിയായി വെളിപ്പെടുന്നത്. സ്നേഹത്തിലൂടെയും,

കാരുണ്യത്തിലൂടെയുമാണ് ദൈവത്തിൽനിന്ന് സ്വീകരിച്ച കാരുണ്യം ഓരോ വ്യക്തിക്കും തന്റെ ജീവിതത്തിൽ അനുഭവിക്കുവാനും മറ്റുള്ളവർക്കു നല്കുവാനും സാധിക്കുന്നത്. അതിനാൽ, കാരുണ്യം മനുഷ്യന്റെ ജീവിത ശൈലിയാകണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിലൂടെ പ്രകാശിതമായ കാരുണ്യത്തിന്റെ ജീവിതശൈലി സ്വന്തമാക്കാൻ സാധിക്കുമെന്നതാണ് പ്രത്യേകത. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ കർത്താവ് ഈ കാരുണ്യത്തിന്റെ ശൈലി നമ്മെ പഠിപ്പിച്ചു. തന്റെ ജീവിതത്തിലുടനീളവും കുരിശുമരണംവരെ എത്തിയ ത്യാഗത്തിലും ഈ കാരുണ്യമാണ് കർത്താവു നമ്മോടു കാണിച്ചത്.

കാരുണ്യത്തിന്റെ സന്ദേശം സഭ എന്നും പ്രഘോഷിച്ചിരുന്നതാണ്. കാരുണ്യ പ്രവർത്തനങ്ങളും സഭ എക്കാലവും നിർവ്വഹിച്ചുപോരുന്നവയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് വിശുദ്ധ ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ പറഞ്ഞു: "കാഠിന്യത്തിന്റെ കരവാളെടുക്കുന്നതിനേക്കാൾ കാരുണ്യത്തിന്റെ ഔഷധം പ്രയോഗിക്കാനാണ് ക്രിസ്തുവിന്റെ മണവാട്ടി ഇന്ന് ഇഷ്ടപ്പെടുന്നത്."നല്ല സമരിയാക്കാരന്റെ കഥയാണ് സൂനഹദോസിന്റെ ആധ്യാത്മികതയുടെ മാതൃകയെന്ന് കൗൺസിലിന്റെ സമാപനത്തിൽ വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പ പറഞ്ഞു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'കരുണയിൽ സമ്പന്നൻ' എന്ന ഒരു ചാക്രിക ലേഖനം തന്നെ എഴുതി.

കാരുണ്യത്തിന് പരമപ്രാധാന്യം നല്കുന്ന ശൈലിയാണ് ഫ്രാൻസിസ് മാർപാപ്പ അവലംബിക്കുന്നത്. പരിശുദ്ധ പിതാവിന്റെ വാക്കിലും പ്രവൃത്തിയിലും ഈ കാരുണ്യസ്പർശം വളരെ പ്രകടമാണ്. 'കരുണയോടെ കടാക്ഷിക്കപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ടവൻ' (*miserando atque eligendo*) എന്നതാണ് മാർപാപ്പയുടെ ആപ്തവാക്യം. കാരുണ്യപൂർവ്വമായ അജപാലനശൈലിയെക്കുറിച്ച് ഇടതടവില്ലാതെ പറയുകയും അത്തരം സമീപനങ്ങൾ സ്വയം സ്വീകരിക്കുകയും അവ സ്വീകരിക്കുവാൻ സഭാമക്കളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലികശുശ്രൂഷയിൽ നാം കാണുന്ന സവിശേഷത. പരിശുദ്ധ പിതാവ് കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പനയിൽ പറയുന്നു: "കാരുണ്യത്തിന്റെ രഹസ്യം നാം നിരന്തരം ധ്യാനിക്കേണ്ടിയിരിക്കുന്നു... കാരുണ്യം ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ്. ജീവിതത്തിന്റെ വഴിത്താരയിൽ സ്വന്തം സഹോദരീസഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽ വസിക്കുന്ന മൗലിക നിയമമാണത്" (നം. 2).

പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുന്ന കാരുണ്യവർഷത്തിന്റെ പ്രത്യേകത ദൈവജനത്തിന്റെ ജീവിതശൈലിക്കു മുഴുവൻ വിപ്ലവകരമായ ഒരു മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ്. എന്താണ് ഈ വിപ്ലവകരമായ മാറ്റം?

സഭയുടെ സന്ദേശങ്ങളും പ്രബോധനങ്ങളും ദൈവജനത്തെ അറിയിക്കുന്നതിലും, പഠിപ്പിക്കുന്നതിലും, അവയുടെ അടിസ്ഥാനത്തിലുള്ള അജപാലന പ്രവർത്തനങ്ങളിലും, ദൈവസ്നേഹത്തിൽനിന്ന് ഉരുത്തിരിയുന്ന പരസ്നേഹ ചൈതന്യം ഉണ്ടായിരിക്കണമെന്നതാണ് കാരുണ്യവർഷത്തിന്റെ സവിശേഷമായ ഊന്നൽ. സഭാമക്കൾ ഏവരിലും വിശിഷ്യ, പ്രധാന അജപാലകരായ മെത്രാന്മാരിലും, വൈദികരിലും, സമർപ്പിത സഹോദരീസഹോദരന്മാരിലും, അല്മായ പ്രേഷിതരിലും പ്രവർത്തനനിരതമാകേണ്ട ഒരു ചൈതന്യമാണിത്. ഈ ചൈതന്യം സഭയെ മുഴുവൻ പുതിയൊരു ജീവിതശൈലിയിലേക്ക് ആനയിക്കണമെന്നതാണ് പരിശുദ്ധ പിതാവിന്റെ ഹൃദയാഭിലാഷം. ദൈവത്തിന്റെ കാരുണ്യം കർത്താവായ ഈശോമിശിഹായിലൂടെ പ്രകാശിതമായത് സഭാശുശ്രൂഷകരിലൂടെ മനുഷ്യമക്കൾക്കു നിരന്തരം അനുഭവിക്കാൻ കഴിയണം. അന്യരെന്ന ചിന്ത ആർക്കും ഉണ്ടാകരുത്. ആരും ആരെയും അന്യരായി കരുതുകയും അരുത്. അവഗണിക്കപ്പെട്ടവരെന്ന ചിന്ത ആരിലും ഉണ്ടാകാൻ ഇടയാവരുത്. അവശർക്കും ആലംബഹീനർക്കും സഭയിലും സമൂഹത്തിലും സമനീതിയും സംരക്ഷണവും ലഭിക്കണം. ഇതിനായി സഭാമക്കൾ എല്ലാവരും പരസ്പരം ശുശ്രൂഷകരാകണം. ഈ പുതിയ ശൈലിയാണ് കാരുണ്യത്തിന്റെ ശൈലി.

കർക്കശമായ പ്രബോധനങ്ങൾ നല്കുന്നതുകൊണ്ടുമാത്രം സഭ അതിന്റെ ദൗത്യം പൂർത്തീകരിക്കുന്നില്ല. അജപാലകർ വിശ്വാസ സത്യങ്ങളെ ജനങ്ങൾക്കു സന്തോഷകരമായി സ്വീകരിക്കാൻ കഴിയുന്നവിധം സ്നേഹവും കാരുണ്യവും നിറഞ്ഞ രീതിയിൽ അവതരിപ്പിക്കണം. അതിനനുസൃതമായ അജപാലനശൈലി സഭയിലുണ്ടാകണം. അധികാരികളും വിധേയരും, എല്ലാവരും കാരുണ്യപൂർവ്വം തങ്ങളുടെ ജീവിതസാക്ഷ്യം നല്കണം. അധികാരമെന്നത് ശുശ്രൂഷയാകണം ആരും അരുടെയുംമേൽ അധീശത്വം പുലർത്തുന്ന രീതി ഉണ്ടാകാൻ പാടില്ല. പിന്നെയോ എല്ലാവരും പരസ്പരം സഹായിക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മ സഭയിൽ സംജാതമാകണം. ഈ ജൂബിലിവർഷത്തിൽ ക്ഷമ, ബലം, സഹായം, സ്നേഹം എന്നിവയുടെ സന്ദേശവും അടയാളവും എന്ന നിലയിൽ ശക്തമായും വ്യക്തമായും മുഴങ്ങുന്ന ദൈവവചനത്തെ സഭ പ്രതിധ്വനിപ്പിക്കട്ടെ. "കാരുണ്യം വ്യാപിപ്പിക്കുന്നതിൽ അവൾ ഒരിക്കലും തളരാതിരിക്കട്ടെ" (കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന - നം. 25).

നമ്മുടെ അതിരൂപത എക്കാലവും കാരുണ്യത്തിന്റെ മുഖം പ്രകാശിപ്പിച്ചിരുന്നു. നമ്മുടെ പിതാക്കന്മാർ എല്ലാവരും വിശിഷ്യ, കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവ് അജപാലനത്തിൽ കാരുണ്യപ്രവർത്തനങ്ങൾക്കു കൂടുതൽ പ്രാധാന്യം നല്കിയിരുന്നു. പാവപ്പെട്ടവരുടെയും പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെയും സമുദ്ധാരണത്തിനുവേണ്ടിയുള്ള സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ അതിരൂപതയിൽ എന്നും സജീവമായിരുന്നു. അത്തരം

പ്രവർത്തനങ്ങളുടെ ഉത്തമ ഉദാഹരണങ്ങളാണ് ലിസി, ലിറ്റിൽ ഫ്ളവർ പോലെയുള്ള ആശുപത്രികളും അനേകം സാധുസംരക്ഷണ ഭവനങ്ങളും, സേവ് എ ഫാമിലി പ്ലാൻ, പി.ഡി.ഡി.പി. എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും. ഇവയോടെല്ലാം ബന്ധപ്പെട്ട് കാരുണ്യപ്രവർത്തനങ്ങൾ നമ്മുടെ അതിരൂപത യിൽ കൂടുതൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുകയുമാണ്.

ഇതു നമ്മെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ കാരുണ്യവർഷ ആചരണ മായിരിക്കും. 2011-ൽ തന്നെ ഒരു കാരുണ്യവർഷം നാം ആചരിച്ചു. തോമസ് ചക്യത്ത് പിതാവ് മുന്നോട്ടുവച്ച 'കാരുണ്യവർഷം' എന്ന ആശയം അന്ന് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് അംഗീകരിച്ച് നടപ്പിലാക്കി. ഈ കാരുണ്യവർഷത്തിന്റെ ആചരണത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ അനേകം സാധുജനക്ഷേമ പദ്ധതികൾ പ്രാവർത്തികമാക്കി. അവയിൽ ഇപ്പോഴും തുടരുന്ന ഒന്നാണ് 'കാരുണ്യ വില്ലാസ്' എന്ന ഭവനപദ്ധതി. സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന 'സിറ്റി ഇവാഞ്ചലൈസേഷൻ' എന്ന പ്രവർത്തനവും കാരുണ്യത്തിന്റെ ഒരു സംഘടിത യജ്ഞമാണ്.

## ഭാഗം - 2

ഈ സന്ദർഭത്തിൽ ചില പ്രായോഗിക നിർദ്ദേശങ്ങൾ കേരളത്തിലെ സഭയും, അതുപോലെതന്നെ സീറോ മലബാർസഭയും മുന്നോട്ടുവച്ചിട്ടുണ്ട്. അവയെല്ലാം നൽകപ്പെട്ടിരിക്കുന്നത് സാർവ്വത്രികസഭയിൽ പരിശുദ്ധ പിതാവ് നൽകിയിരിക്കുന്ന മാർഗ്ഗദർശനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ പദ്ധതികളുടെ വിശദവിവരങ്ങൾ നമ്മുടെ എറണാകുളം മിസ്സത്തിലൂടെ പ്രസിദ്ധീകരിക്കുന്നുണ്ട്. അവയെല്ലാം യഥാവിധി ബ. വികാരിയച്ചന്മാർ ജനങ്ങൾക്ക് വിശദീകരിച്ചു തരുന്നതുമാണ്. അതെല്ലാം പ്രാവർത്തികമാകുവാൻവേണ്ടി അജപാലകരോടു ചേർന്ന് ദൈവജനം മുഴുവൻ സന്നദ്ധരാകണം എന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ചില മേഖലകൾ പ്രത്യേകം എടുത്ത് പറഞ്ഞുകൊള്ളട്ടെ. ഒന്നാമതായിട്ട് കാരുണ്യവർഷത്തിൽ നാം നീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിക്കണം. കാരുണ്യത്തിന്റെ അടിത്തറയാണ് നീതി. നീതിയുടെ ഒരു വ്യവസ്ഥതന്നെ കാരുണ്യത്തിന്റെ പ്രവർത്തനത്തിന് ആവശ്യകമാണ്. അനീതി പ്രവർത്തിച്ചുകൊണ്ട് ഒരിക്കലും കാരുണ്യം നിലനിർത്തുവാൻ സാധിക്കുകയില്ല. ഓരോരുത്തർക്കും അർഹമായിട്ടുള്ളത് കൊടുക്കുവാൻ സാധിക്കണം. ഇക്കാര്യങ്ങൾ എടുത്തുപറയുമ്പോൾ, ജോലിക്കാർക്ക് അർഹമായ വേതനം, സേവന വ്യവസ്ഥകൾ, ജീവിത സൗകര്യങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ സഭയിലെ എല്ലാ സ്ഥാപനങ്ങളിലും, ഇടവകകളിലും പ്രത്യേകം ശ്രദ്ധ ഈ കാരുണ്യവർഷത്തിൽ ഉണ്ടാകണം. കാരുണ്യവർഷത്തിൽ വരുത്തുന്ന ഈ പരിഷ്കരണങ്ങളെല്ലാം പിന്നീട് തുടരുവാനും നമുക്ക് സാധിക്കും. കുറേ കാലങ്ങളാ

യിട്ട് സഭ ഇതിൽ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, ഏതെങ്കിലും മേഖലകളിൽ ആർക്കെങ്കിലും അർഹമായ വേതനം ലഭിക്കാതിരിക്കുകയോ, അവർക്ക് സേവനവ്യവസ്ഥകളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയോ ചെയ്യുന്നുണ്ടെങ്കിൽ അവയെല്ലാം പരിഹരിച്ചുകൊണ്ട് ഈ കാരുണ്യവർഷത്തെ അർത്ഥവത്താക്കുവാൻ ഞാൻ നിങ്ങളെ സഹോദരതുല്യം ആഹ്വാനം ചെയ്യുന്നു.

രണ്ടാമതായിട്ട്, നാം ശ്രദ്ധിക്കേണ്ട ഒരു മേഖല അനുരഞ്ജനത്തിന്റേതാണ്. കുടുംബങ്ങളിൽ, ഇടവകകളിൽ, സഭയിലെ സ്ഥാപനങ്ങളിൽ, സമർപ്പിത സമൂഹങ്ങളിലൊക്കെ കലഹത്തിന്റേയോ, അഭിപ്രായഭിന്നതകളുടെയോ സംഘർഷങ്ങളുടെയോ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അവയെല്ലാം പരിഹരിച്ച് സ്നേഹത്തിന്റേയും കാരുണ്യത്തിന്റേതുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ച് ദൈവമക്കളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തേണ്ട വർഷമാണ് ഈ കാരുണ്യവർഷം. കാരുണ്യവർഷത്തിൽ പുതിയൊരു സഭാ ജീവിതശൈലിതന്നെ നമ്മൾ അഭ്യസിക്കുകയാണ്. ആ സഭാ ശൈലിയായിരിക്കും സഭയെ വരും വർഷങ്ങളിൽ മുന്നോട്ടു നയിക്കുന്നത്. അതുകൊണ്ട് അനുരഞ്ജനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ എല്ലാ ഭവനങ്ങളിലും, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും, ഇടവകകളിലും, സഭയിൽ ആകമാനവും സംഭവിക്കട്ടെ.

മൂന്നാമതായിട്ട്, ഈ കാരുണ്യവർഷം ആചരിക്കുന്ന സന്ദർഭത്തിൽ നാം സ്വീകരിക്കേണ്ട ഒരു മനോഭാവം ലാളിത്യത്തിന്റേതാണ്. കാരുണ്യം പ്രാവർത്തികമാകണമെന്നുവരികിൽ അത് നൽകുന്ന ആളുകൾ ലളിതമായ ജീവിതശൈലിയുടെ ഉടമകളായിരിക്കണം. നമുക്ക് സമ്പത്ത് വർദ്ധിക്കുമ്പോൾ, ജീവിത സൗകര്യങ്ങൾ സമൂഹത്തിന്റെ വളർച്ചയിൽ സംജാതമാകുമ്പോൾ അവയെല്ലാം മിതത്വത്തോടുകൂടി പാലിക്കുവാൻ ക്രൈസ്തവരായ നമുക്ക് കടമയുണ്ട്. നമുക്ക് ലഭിക്കുന്ന പണത്തിന്റേയും ജീവിതസൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ ആഘോഷങ്ങൾ വർദ്ധിപ്പിക്കുക, ആഡംബരങ്ങളിൽ മുഴുകുക എന്നുള്ളത് ക്രൈസ്തവജീവിതശൈലിക്ക് യോജിച്ചതല്ല. നമുക്ക് ആവശ്യമായിട്ടുള്ളതിൽ കവിഞ്ഞ് ലഭിക്കുന്ന ജീവിതസൗകര്യങ്ങൾ - പണമായാലും സമ്പത്തായാലും ദൈവത്തിന്റെ ദാനമാണ്. അത് അപരർക്കുകൂടി അർഹതപ്പെട്ടതാണ്. മറ്റുള്ളവരുമായി അത് പങ്കിട്ടനുഭവിച്ച് നമ്മുടെ സഹോദരീ സഹോദരന്മാരേയും നല്ല ജീവിതത്തിലേത്ത് ഉയർത്തിക്കൊണ്ടുവരുവാനുള്ള ഒരു വ്യഗ്രത നമുക്ക് ഉണ്ടായിരിക്കണം. അത് സ്നേഹത്തിന്റെ കല്പനയുടെ ഭാവമാണ്. സ്നേഹം ഇത് നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ടൊരു ലളിത ജീവിതശൈലി സഭയിൽ ഉണ്ടാകേണ്ട വർഷമാണ് കാരുണ്യവർഷം.

നമ്മുടെ തിരുനാളുകൾ, ജൂബിലി ആഘോഷങ്ങൾ, കുടുംബപരമോ, ഇടവകപരമോ ആയിട്ടുള്ള ആഘോഷങ്ങളെല്ലാം നാം ഒരു പുതിയ ശൈലിയിലേക്ക് കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. തിരുനാളുകൾ നമുക്കാവശ്യമാണ്. തിരുനാളുകളോടനുബന്ധിച്ച് ന്യായമായ ആഘോഷങ്ങളും അതിന്റെ സ്വാഭാവത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ, ആഡംബരപൂർവ്വമായ,

ആർഭാടപരമായിട്ടുള്ള പ്രവർത്തനങ്ങൾ തിരുനാളുകളോടുകൂടി സംഭവിക്കുവാൻ പാടില്ല. തിരുനാളുകളിൽനിന്ന് ഏതെങ്കിലും രീതിയിൽ ജനങ്ങളുടെ സംഭാവനകളായി, നേർച്ചകാഴ്ചകളായി നമുക്കു ലഭിക്കുന്ന പണം, അത് സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ഇടവകയുടെ ന്യായമായിട്ടുള്ള വളർച്ചയുടേയും തലത്തിൽ മാത്രമേ വിനിയോഗിക്കാവൂ. അങ്ങനെ വിനിയോഗിക്കുവാൻ നമുക്ക് കടമയുണ്ടെന്ന് ഇതിനുമുൻപുള്ള അവസരങ്ങളിൽ ഞാൻ നിങ്ങളെ ഓർമ്മിപ്പിച്ചിട്ടുണ്ടല്ലോ. ഈ സന്ദർഭത്തിലും അത് എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ്. തിരുനാളുകളോടനുബന്ധിച്ച് കാരുണ്യപ്രവൃത്തികൾ ചെയ്യുന്ന ഒരുശൈലി നമുക്ക് ഉണ്ടാകട്ടെ. ദൈവത്തിന്റെ പ്രത്യേക കൃപയാൽ എറണാകുളം-അങ്കമാലി അതിരൂപതയിലുള്ള പല ദേവാലയങ്ങളും പ്രശസ്തമാണ്. പ്രസിദ്ധമായ തിരുനാളുകൾ നടത്തുന്ന ദേവാലയങ്ങളും, തീർത്ഥാടനകേന്ദ്രങ്ങളുമുണ്ട്. ഒരുപക്ഷേ, സീറോ മലബാർസഭയിൽ ഇത്രയേറെ തീർത്ഥാടനകേന്ദ്രങ്ങളും വലിയ തിരുനാൾ ആഘോഷങ്ങൾ നടത്തുന്ന ദേവാലയങ്ങളുമുള്ള രൂപതകൾ വേറെ ഉണ്ടാവില്ല. എന്നാൽ, നമുക്ക് ലഭിച്ചിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ, പ്രിയമുള്ള സഹോദരീസഹോദരന്മാരേ, കാരുണ്യവും സ്നേഹവും പ്രകടിപ്പിക്കാനുള്ള നമ്മുടെ കടമയും വർദ്ധിക്കുന്നുവെന്ന് നാം ഓർക്കണം. അതിനാൽ, ഇനിയുള്ള ആഘോഷങ്ങളിൽനിന്നും വരുന്ന വരുമാനത്തിൽനിന്ന് കാരുണ്യപ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുവാൻ ഇടവകാംഗങ്ങൾ ഒത്തൊരുമിച്ച് പാരീഷ് കൗൺസിലിന്റേയും പള്ളിയോഗങ്ങളുടേയുമൊക്കെ ആലോചനകളോടുകൂടി നടപ്പിൽവരുത്തുവാൻ ബഹു. വികാരിയച്ചന്മാർ കാരുണ്യവർഷത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കണം.

അതുപോലെതന്നെ ഈ സന്ദർഭത്തിൽ നമുക്ക് ചെയ്യാവുന്ന മറ്റൊരു കാര്യം: വലിയ തിരുനാളുകൾ ഞാൻ കണ്ടിട്ടുണ്ട്; നിങ്ങളും കാണുന്നുണ്ട്. രോഗികളായിട്ടുള്ളവർ, നിർദ്ധനരായിട്ടുള്ളവർ, ഭിക്ഷാടനം നടത്തുന്ന ആളുകൾ, ഇവരെല്ലാം പകലന്തിയോളം ഭിക്ഷയാചിച്ച് കിട്ടുന്നവകൊണ്ട് അവരുടെ ജീവിതത്തിനുവേണ്ടിപോകുന്നു. ഒരു പക്ഷേ, ഈ രംഗത്ത് ചില ചൂഷണങ്ങളും നടക്കും. ഭിക്ഷാടന മാഫിയകൾവരെ ഉണ്ടെന്ന് പറഞ്ഞുകേൾക്കുന്നു. എന്നുവച്ചാൽ ഭിക്ഷയാചിക്കുന്നവരെ ഉപയോഗിച്ചുകൊണ്ട് അതിൽനിന്നും പണം സമാഹരിച്ച് ജീവിക്കുന്ന വ്യക്തികൾ. അതിന്റെ നിജസ്ഥിതിയെക്കുറിച്ച് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽതന്നെയും, ഈ ആളുകളോട് അവർ ഭിക്ഷയാചിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ അവർ നമ്മുടെ കാരുണ്യം അർഹിക്കുന്നു എന്നുള്ള ഒരു സത്യം മുൻനിറുത്തിക്കൊണ്ട് അവർക്ക് തിരുനാൾ അവസരങ്ങളിൽ സംഘടിതമായി ഉച്ചഭക്ഷണം കൊടുക്കുക, അവരെ സംരക്ഷിക്കുക, അവരുടെ സ്ഥിതിഗതികൾ മനസ്സിലാക്കികൊണ്ട് അവരുടെ സമുദ്ധാരണത്തിനുവേണ്ടി യത്നിക്കുക - ഇക്കാര്യങ്ങൾ ശ്രദ്ധിക്കുവാനായി ഇടവകതലത്തിൽ മേൽനോട്ടക്കാർ ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഇങ്ങനെ

യൊക്കെയാണ് തിരുനാൾ ആഘോഷങ്ങൾ അവരെ സംബന്ധിച്ചിടത്തോളം കാരുണ്യത്തിന്റെ ഒരനുഭവമായി തീരുകയുള്ളൂ. ഇങ്ങനെ നമുക്ക് ചെയ്യാവുന്ന പ്രായോഗിക പദ്ധതികൾ അനവധിയാണ്.

നമ്മുടെ അതിരൂപതയിൽ പ്രത്യേക നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള കാരുണ്യത്തിന്റെ ഒരനുഭവം നാം എല്ലായിടത്തും വ്യാപിപ്പിക്കുന്നതോടൊപ്പം, രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അഭിവന്ദ്യ പിതാക്കന്മാരുടെയും, കച്ചേരിയുടേയും, വൈദികരുടെ പ്രത്യേക സമിതികളുടെയും ആലോചനപ്രകാരം രണ്ട് പദ്ധതികൾ ഞാൻ പ്രഖ്യാപിക്കുകയാണ്.

ഒന്നാമത്, ലിസ്സി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നമ്മൾ 100 രോഗികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ ഈ കാരുണ്യവർഷത്തിൽ നടത്തുന്നതാണ്. അത്രയും ശസ്ത്രക്രിയകൾ ഒരു വർഷത്തിൽ ആവശ്യമായി വന്നില്ലെങ്കിൽ അത് പിന്നീടുള്ള വർഷങ്ങളിൽ നടപ്പാക്കുന്നതാണ്. രണ്ടാമതായി, ഇടവകകളുടെ സഹായത്തോടെ 500 ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകുവാനും തീരുമാനമെടുക്കുന്നു. ഈ 500 വീടുകൾ നിർമ്മിക്കുന്നതോടുകൂടി നമ്മുടെ അതിരൂപതയിലെ കഴിവതും എല്ലാവർക്കും തന്നെ ഭവനമുണ്ടാകുന്ന സ്ഥിതിവിശേഷം ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുകയാണ്, ആശംസിക്കുകയാണ്.

പ്രിയ സഹോദരീ സഹോദരന്മാരേ, കാരുണ്യവർഷ ആശംസകൾ ഞാൻ നിങ്ങൾക്കു നേരുകയാണ്. സഭയുടെ ആഗ്രഹമനുസരിച്ച്, പരിശുദ്ധ പിതാവിന്റെ അഭിലാഷമനുസരിച്ച് ഈ കാരുണ്യ വർഷം നമുക്കാചരിക്കാം. നമ്മുടെ അതിരൂപത ഈ കാരുണ്യവർഷത്തിൽ ദൈവസ്നേഹത്തിന്റെ കൂട്ടായ്മ പ്രകാശിപ്പിക്കുന്ന ഒരു നല്ല പ്രാദേശികസഭയായി വളരുവാൻ ഇടയാകട്ടെ എന്ന് ഞാൻ പ്രത്യേകം ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റേയും † പുത്രന്റേയും † പരിശുദ്ധാത്മാവിന്റേയും † നാമത്തിൽ നിങ്ങളേവരേയും ആശീർവ്വദിക്കുന്നു.

എറണാകുളം-അങ്കമാലി അതിമെത്രാസന മന്ദിരത്തിൽനിന്ന് 2015 നവംബർ 17-ാം തീയതി.

**+ കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത

......................

N.B : രണ്ടു ഭാഗങ്ങളുള്ള ഈ ഇടയലേഖനത്തിന്റെ ഒന്നാം ഭാഗം **ഡിസം. 13-ാം തീയതി**യും, രണ്ടാം ഭാഗം **ഡിസം. 20-ാം തീയതി**യും കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കാരുണ്യവർഷ കർമ്മപദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ

***കുടുംബതലം***:

1. അനുദിന ദിവ്യബലിയിൽ പങ്കുചേരാൻ കുടുംബാംഗങ്ങൾ കൂടുതൽ താൽപര്യം കാണിക്കുക.
2. എല്ലാദിവസവും കുടുംബപ്രാർത്ഥന നടത്തുന്ന പതിവ് കുടുംബാംഗങ്ങൾ ഒരുമിച്ച് കൂടുതൽ സജീവമാക്കുക.
3. ദൈവകാരുണ്യവുമായി ബന്ധപ്പെട്ട ഭക്താഭ്യാസങ്ങൾ - കരുണക്കൊന്ത, തിരുഹൃദയ കൊന്ത - കുടുംബപ്രാർത്ഥനയുടെ ഭാഗമാക്കുക.
4. അനുരഞ്ജന കൂദാശ, ധ്യാനം, തീർത്ഥാടനം, ഉപവാസം, നോമ്പ് എന്നിവയിലൂടെ കുടുംബാംഗങ്ങളും കുടുംബം മുഴുവനും നവീകരിക്കപ്പെടുക.
5. കൗൺസിലിംഗ്, ധ്യാനം, അനുരഞ്ജനസംഭാഷണം എന്നിവയിലൂടെ കുടുംബ പ്രശ്നങ്ങളും വഴക്കുകളും പരിഹരിക്കുക.
6. വിവാഹം, മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, ജന്മദിനം, ജൂബിലി തുടങ്ങിയ അവസരങ്ങളിലെ ആഘോഷങ്ങൾക്ക് മിതത്വം പാലിച്ചുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുക.
7. ഭക്ഷണം, വസ്ത്രം എന്നിവയിൽ ധൂർത്ത് കാണിക്കാതിരിക്കുക. ഭക്ഷണം പാഴാക്കാതെ ഇല്ലാത്തവരുമായി പങ്കുവയ്ക്കുക.
8. വൃദ്ധമന്ദിരങ്ങൾ, ബാലഭവനങ്ങൾ, സർക്കാർ ആശുപത്രികൾ തുടങ്ങിയവ സന്ദർശിക്കുകയും അവിടെയുള്ളവരെ ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.

***ഇടവകതലത്തിൽ***:

- **ആത്മീയതലം [Spiritual]**

1. അനുരഞ്ജന കൂദാശയ്ക്കു വേണ്ടത്ര പ്രധാന്യം നല്കുക. പൊതു ആരാധന, അനുതാപ ശുശ്രൂഷ എന്നിവയോടുകൂടി കുമ്പസാരത്തിന് അവസരമൊരുക്കുക.
2. അനുരഞ്ജന കൂദാശയുടെ അർത്ഥവും പ്രാധാന്യവും ഫലവുമെല്ലാം കൂടുതൽ ആഴത്തിൽ ദൈവജനത്തിനു മനസ്സിലാക്കി കൊടുക്കുവാൻ ക്ലാസ്സുകളും, ധ്യാനങ്ങളും സംഘടിപ്പിക്കുക.
3. ഇടവകകളിൽ അനുരഞ്ജന കൂദാശയ്ക്ക് (കുമ്പസാരം) കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക.

4. നീതി, കരുണ, വിശ്വാസം, അനുരഞ്ജനം എന്നിവ മുഖ്യവിഷയങ്ങളായുള്ള ധ്യാനങ്ങൾ സംഘടിപ്പിക്കുക.

5. വിശുദ്ധ സ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കുക – അവ കരുണയും ത്യാഗവും ജീവിതസമർപ്പണവും ആവശ്യമുള്ള കാര്യമാണെന്ന് ഓർമ്മിപ്പിക്കുക.

6. മലയാറ്റൂർ കുരിശുമുടി, എറണാകുളം, അങ്കമാലി ബസിലിക്കകൾ, പറവൂർ-കോട്ടയ്ക്കാവ്, കോക്കമംഗലം, പള്ളിപ്പുറം, കൊരട്ടി, കാഞ്ഞൂർ, ഇടപ്പള്ളി, കുടവെച്ചൂർ എന്നിവടങ്ങളിലേക്കുള്ള തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കുക. പ്രാർത്ഥന, നോമ്പ്, ഉപവാസം, അനുരഞ്ജന കൂദാശ, ദിവസേനയുള്ള വി. കുർബാന, ഉപവി പ്രവൃത്തികൾ എന്നിവയിലൂടെ വേണ്ടവിധം ഒരുങ്ങി, എല്ലാവരുമായി അനുരഞ്ജനപ്പെട്ട അവസ്ഥയിൽ തീർത്ഥാടനം നടത്തുവാൻ സഭാതനയരെ ഒരുക്കുക.

7. ദൈവകാരുണ്യവുമായി ബന്ധപ്പെടുന്ന ഭക്ത്യാഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ കരുണക്കൊന്ത, കരുണയുടെ നൊവേന നടത്തുക.

8. ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായർ – 2016 ഏപ്രിൽ 3 'ദൈവകരുണയുടെദിനം' ആഘോഷിക്കുക.

9. വിശ്വാസത്തിൽനിന്ന് അകന്നു പോയവരെ തിരികെ കൊണ്ടുവരിക; സഭയുടെ നിയമങ്ങൾ പാലിക്കാതെയുള്ള വിവാഹബന്ധങ്ങൾ rectify ചെയ്ത് അങ്ങനെയുള്ള ബന്ധങ്ങളിൽ ജീവിക്കുന്നവരെ സഭയോട് ഐക്യപ്പെടുത്തുക.

- **സാമൂഹ്യതലം [Social]**

1. ഇടവകതലത്തിലും കുടുംബങ്ങളിലും മറ്റും ഉണ്ടാകാവുന്ന തർക്കങ്ങളും, വഴക്കുകളും പരിഹരിക്കുവാൻ ഇടവകകളിൽ അനുരഞ്ജന സമിതികൾ രൂപീകരിക്കുന്നത് പ്രയോജനകരമാണ്.

2. സർക്കാരിന്റെയും മറ്റും ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കാൻ ഇടവകകളിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നത് ഉചിതമാണ്.

3. പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കു സമാനമായി ഇടവകകളിൽ സന്നദ്ധ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കിയാൽ രോഗികളുടെ കുടുംബങ്ങൾക്കു സഹായകമാകും. ഫൊറോനതലത്തിലോ ഒരു പ്രദേശത്തെ മൂന്നോ നാലോ പള്ളികൾ ചേർന്നോ ഇത് നടപ്പിലാക്കാവുന്നതാണ്.

4. ഇതര സംസ്ഥാന തൊഴിലാളികളുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുവാൻ തയ്യാറുള്ള സന്നദ്ധസേവകരെ സംഘടിപ്പിക്കുക. അവരുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

5. അവർക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ ഒരുക്കുക, അവരെ ഇൻഷുറൻസ് പദ്ധതിയിൽപ്പെടുത്തുക, അവരുടെ ജോലി സ്ഥലങ്ങളിൽ അവർക്ക് സുരക്ഷ കൊടുക്കുവാൻ ശ്രമിക്കുക.

6. പാർശ്വവത്കരിക്കപ്പെട്ടവരെ സാഹോദര്യംകൊണ്ട് സുഖപ്പെടുത്തുക. പണമില്ലാത്തതിന്റെ പേരിൽ പഠനം, ചികിത്സ, ഭവനം എന്നിവ ഇല്ലാത്തവർക്കുവേണ്ടി പദ്ധതികൾ നടപ്പാക്കുക.

7. ആശുപത്രികൾ, വൃദ്ധസദനങ്ങൾ, ബാലികാ-ബാലഭവനങ്ങൾ എന്നിവ സന്ദർശിക്കുന്നതിന് കൂടുതൽ അവസരമൊരുക്കുക.

8. ഭിന്നശേഷിയുള്ള (differently abled) വർക്കായി ആത്മീയ ശുശ്രൂഷകൾ ഒരുക്കുക.

9. ഇടവകയിലെ പാവപ്പെട്ട രോഗികളെ സഹായിക്കാൻ പ്രത്യേകം പദ്ധതികൾ ഒരുക്കുക - പ്രത്യേകിച്ച്, കാൻസർ, കിഡ്നി രോഗികൾ ഹൃദയസംബമായ രോഗം ബാധിച്ചവർ, മാനസികരോഗികൾ എന്നിവർക്കുവേണ്ടി.

10. രക്തദാനം, അവയവദാനം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം, രക്തദാന ക്യാമ്പുകൾ നടത്തുക.

11. ഇടവകയിൽ വീടില്ലാത്തവർക്ക് വീട്, ശുചിമുറി ഇല്ലാത്തവർക്ക് ശുചിമുറി, എല്ലാവർക്കും ശുദ്ധജലം ഉറപ്പുവരുത്തൽ, തുടങ്ങിയ പദ്ധതികൾക്ക് പ്രാധാന്യം നൽകുക.

12. പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യമൊരുക്കാൻ സഹായിക്കുക.

13. വിവാഹസഹായ പദ്ധതികൾ നടപ്പിലാക്കുക.

14. പ്രായമായവരുടെ ക്ഷേമത്തിനായ് പകൽവീട് പോലുള്ള സംവിധാനങ്ങൾ ഒരുക്കുക.

15. കുടുംബയൂണിറ്റ് അംഗങ്ങൾ ഒരുമിച്ച് വൃദ്ധസദനങ്ങൾ, ബാലഭവനങ്ങൾ, ഗവൺമെന്റ് ആശുപത്രികൾ തുടങ്ങിയവ സന്ദർശിക്കുക - അവരോടൊപ്പം സമയം ചിലവഴിക്കുക, അവർക്കുവേണ്ടി കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുക, അവരോടൊപ്പം ഭക്ഷണം കഴിക്കുക, അവർക്ക് സാമ്പത്തിക സഹായം ചെയ്യുക.

16. ക്രൈസ്തവ ഐക്യവും സാമുദായിക സൗഹാർദ്ദവും വളർത്തുന്ന നടപടികൾ സ്വീകരിക്കുക. മതസൗഹാർദ്ദ സമ്മേളനങ്ങൾ സംഘടിപ്പിക്കുക.

17. മരണം, വിവാഹം തുടങ്ങിയ അവസരങ്ങളിൽ വൈദികർ മറ്റു മതസ്ഥരുടെ ഭവനങ്ങൾ സന്ദർശിക്കുന്നത് ഉചിതമാണ്; പൊതുനന്മയ്ക്കുതകുന്ന കാര്യങ്ങൾ റസിഡന്റ്സ് അസ്സോസിയേഷനുകളുമായി സഹകരിച്ച് ചെയ്യാവുന്നതാണ്.

18. പ്രകൃതിയോട് കൂടുതൽ കാരുണ്യം കാണിക്കുക: ഇടവകതലത്തിലുള്ള പരിപാടികൾക്ക് പ്ലാസ്റ്റിക്ക്, ഫ്ളക്സ് തുടങ്ങിയവ കഴിവതും ഒഴിവാക്കുക. ജനങ്ങളെ ബോധവൽക്കരിക്കുക. പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കുന്നതിന് സഹകരിക്കുക.

19. അതിരൂപതാ സോഷ്യൽ സർവ്വീസസിന്റെ സഹായത്തോടെ plastic recycling നടത്തുക, മാലിന്യ സംസ്കരണം, ജൈവകൃഷി എന്നിവ നടപ്പിലാക്കുക, മഴവെള്ള സംഭരണി നിർമ്മിക്കുക, മരങ്ങൾ നട്ടുപിടിപ്പിക്കുക.

20. കുടുംബങ്ങളിലും ഇടവകകളിലും വഴക്കുകൾ (വ്യവഹാരങ്ങൾ) ഉണ്ടെങ്കിൽ അവ തീർക്കുവാൻ ശ്രമിക്കുക.

- <u>ഭരണതലം [Administrative]</u>

1. പള്ളികളുടെയും സ്ഥാപനങ്ങളുടെയും വരുമാനത്തിന്റെ നിശ്ചിത ശതമാനം ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നൽകുന്നുവെന്ന് ഉറപ്പാക്കണം.

2. ഇടവകകളുടെ മേൽനോട്ടത്തിലുള്ള സ്ഥാപനങ്ങൾക്കു കൂടുതൽ കാരുണ്യത്തിന്റെ മുഖം നൽകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പള്ളിക്കൂടത്തിന്റെയും, ആശുപത്രികൾ പള്ളിയാശുപത്രിയുടെയും അനുഭവവും ചൈതന്യവും സമ്മാനിക്കുന്നതാവണം.

3. സ്ഥാപനങ്ങളിലെ ജീവനക്കാർക്കു നീതിപൂർവ്വകമായ സേവന-വേതന -ആനുകൂല്യങ്ങൾ ഉറപ്പാക്കുക.

4. കാരുണ്യവർഷത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ കുറച്ച്/നിർത്തിവച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുക.

5. തിരുനാളുകളിൽ മിതത്വം നിർബന്ധമായും പാലിക്കുന്നതിനു നിർദ്ദേശമുണ്ടാകണം. തിരുനാൾ ആഘോഷങ്ങൾ ചുരുക്കി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം.

- **പരിശീലനതലം [Formative]**

1. കാരുണ്യം ക്രൈസ്തവന്റെ ഔദാര്യമല്ല, ഉത്തരവാദിത്തമാണെന്ന സുവിശേഷബോധ്യം വിശ്വാസികളിൽ രൂപപ്പെടുത്തണം. സമ്പന്നതയിൽ നിന്ന് അല്പമല്ല, ത്യാഗത്തിൽ നിന്ന് നൽകുന്നതാണ് മഹത്തരമെന്ന ചിന്ത വളർത്തണം. ഇതിനാവശ്യമായ സെമിനാറുകൾ, ക്ലാസ്സുകൾ നടത്തുക.

2. കരുണയെക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് എല്ലാതലങ്ങളിലും എത്തിക്കുക. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ രണ്ടാമത്തെ ചാക്രിക ലേഖനം 'കരുണയിൽ സമ്പന്നൻ' പഠന വിഷയമാക്കാവുന്നതാണ്.

3. അഴിമതിക്കെതിരെ മൂല്യാധിഷ്ഠിത നിലപാടെടുക്കാൻ ജനങ്ങളെ ഒരുക്കുക. നീതിയും കാരുണ്യവും ഇല്ലാതാക്കുന്ന തിന്മയാണ് അഴിമതി എന്നുള്ള അവബോധം വളർത്തുക.

4. ഫ്രാൻസീസ് പാപ്പയുടെ ചാക്രിക ലേഖനം - *ലൗദാത്തോ സി* പഠന വിഷയമാക്കുക.

***അതിരൂപതാ തലത്തിൽ***:

1. കാരുണ്യവർഷത്തിൽ അതിരൂപതാ തലത്തിൽ നടപ്പാക്കുന്ന രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ:

   1) **100 പാവപ്പെട്ട രോഗികൾക്ക് ലിസി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിക്കൊടുക്കുക.**

   2) **500 ഭവനരഹിതർക്ക് വിവിധ ഇടവകകളിലായി വീടുകൾ നിർമ്മിച്ചു നൽകുക.**

2. കാരുണ്യവർഷം അനുരഞ്ജനത്തിന്റെ വർഷമാകണം. വ്യക്തികൾ, ഇടവകകൾ, സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കാനുള്ള അവസരം. എല്ലാ ഇടവകകളിലും, വലിയ നോമ്പിലെ ഏതെങ്കിലുമൊരു വെള്ളിയാഴ്ച അനുരഞ്ജനദിനമായി ആചരിക്കുക. ആരാധന, കൊന്ത, വചന പ്രഘോഷണം, അനുതാപശുശ്രൂഷ എന്നിവയിലൂടെ ഈ ദിവസം അനുഭവപ്രദമാക്കുക.

3. എല്ലാ ഇടവകകളിലും കാരുണ്യവർഷത്തിലെ ഒരു വെള്ളിയാഴ്ച (സൗകര്യപ്രദമായ മറ്റൊരു ദിവസം) പൂർണ്ണദിന ആരാധന നടത്തുക.

4. കുടുംബനവീകരണം, കുടുംബപ്രശ്നങ്ങൾക്കു പരിഹാരം, കൗൺസിലിംഗ് എന്നിവയ്ക്ക് സഹായകമാകുന്ന കുടുംബപ്രേഷിത ശുശ്രൂഷാ കേന്ദ്രങ്ങൾ (ജീവാലയ മാതൃകയിൽ) അതിരൂപതയുടെ വ്യത്യസ്ത മേഖലകളിൽ ആരംഭിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

5. അതിരൂപതാ സ്ഥാപനങ്ങളുടെ കാരുണ്യത്തിന്റെ മുഖം കൂടുതൽ പ്രകാശിതമാക്കുക. പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ, ജീവനക്കാർക്ക് നീതിപൂർവ്വകമായ വേതനം എന്നിവ ഉറപ്പാക്കാൻ ശ്രമിക്കുക.

6. അതിരൂപതയിൽ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തെ ദത്തെടുത്ത് അവിടുത്തെ ജനങ്ങളുടെ ഉന്നമനത്തിനായി പ്രയത്നിക്കുക.

7. കാരുണ്യപ്രസ്ഥാനങ്ങളുടെ കൂട്ടായ ആഘോഷം നടത്തുക.

8. രോഗികളേയും, വികലാംഗരേയും ശുശ്രൂഷിക്കുന്നവരുടെ സമ്മേളനം നടത്തുക.

9. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ/സാമൂഹ്യ സേവകരുടെ ദിനം ആചരിക്കുക.

10. അതിരൂപത/ഇടവക തലങ്ങളിലുണ്ടാകുന്ന തർക്കങ്ങളും, പ്രശ്നങ്ങളും തീർക്കുവാൻ വൈദികരുൾപ്പെട്ട അനുരഞ്ജന സമിതി രൂപീകരിക്കുക.

11. കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സഹായത്തോടെ വിധവകളുടെ ക്ഷേമത്തിനായി ഇടവകകളിൽ യൂദിത്ത് ഫോറം രൂപീകരിക്കുക.

12. അതിരൂപതയിലുള്ള എല്ലാ സ്കൂളുകളിലും കാരുണ്യദിനം ആചരിക്കുക: ജീവകാരുണ്യപ്രവൃത്തികൾ ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വമാണെന്ന അവബോധം കുട്ടികളിൽ സൃഷ്ടിക്കുക, കാരുണ്യ പ്രവർത്തനങ്ങളുടെ വിവിധ മേഖലകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക, സ്കൂളുകളിൽ സഹപാഠികളോട് എങ്ങനെ കാരുണ്യപൂർവ്വം പെരുമാറാൻ കഴിയുമെന്ന് പഠിപ്പിക്കുക, സ്കൂൾ തലത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക.

* * * * *